# ലളിതം



ശിഷ്യത്വം നേരിടുന്ന വലിയൊരു പ്രതിസന്ധിയുണ്ട്. പൗലോസിന്റെയും ബർന്നബാസിന്റെയും വഴിയാത്രയിലത് കാണാം. ഗർഭം-മുതൽക്കേ കാലിനു സ്വാധീനം ഇല്ലാതിരുന്ന ഒരുവനെ എണീറ്റ് നടത്തുന്നു. കണ്ടു നിന്ന ജനം അത്ഭുതപരവശരായി അവരെ വാഴ്ത്തുന്നു. ജയ് വിളികളാണല്ലോ പിന്നെയുണ്ടാവുക. ശിഷ്യന്മാരെ ദൈവങ്ങളെപ്പോലെ കണ്ട് അവരുടെ മുമ്പാകെ യാഗം കഴിക്കാൻ പോലും ഒരുമ്പെടുന്നു. പൗലോസും ബർന്നബാസും നിലവിളിച്ച് പറയുന്നു. പുരുഷന്മാരെ, നിങ്ങൾ ചെയ്യുന്നതെന്ത്? ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യരത്രേ! വലിയ പ്രയാസത്തോടെ അവൾ ജനക്കൂട്ടത്തെ തടുത്തു.

ശരിക്കും ഒരു പച്ചമനുഷ്യനായി നിലനിൽക്കുകയെന്നത് ഭാരമേറിയ ഒരു ആത്മീയ പ്രവർത്തനമാണ് സഖേ! ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരാൻ മനുഷ്യർ മത്സരിക്കുന്ന കാലമാണിത്. ചിലർക്ക് ഇത്തിരി കൂടുതൽ പണമുണ്ടായാൽ പിന്നെ അവർ ചിലപ്പോഴൊക്കെ മനുഷ്യരല്ലാതാവുന്നുണ്ട്. മറ്റു ചിലർക്ക് സ്ഥാനമാനങ്ങളിൽ ചിലത് തരപ്പെടാൻ മതിയാവും. ചിലർക്കാകട്ടെ ബിരുദങ്ങളുടെ എണ്ണമേറിയാൽ മതിയാവും. വേറെ ചിലർക്ക് അല്പം മുഖസ്തുതി കേൾക്കേണ്ട ആവശ്യമേയുള്ളു. ഇത്രയൊക്കെയായാൽ തങ്ങൾ സദാനേരവും പൂജിക്കപ്പെടേണ്ടവരും വന്ദിക്കപ്പെടേണ്ടവരുമാണെന്ന ധാരണയിലാണ് അവരുടെ ഗമനാഗമനങ്ങളത്രയും.

സത്യമായും സാധാരണത്വം പുലർത്തുകയെന്നാൽ അത് ആഴമേറിയ ചില നിലപാടുകളുടെ പരിണിതിയാണ്. വെറുതേയിങ്ങനെ സദാ മനുഷ്യനായിത്തീരുന്നതിന്റെ പാഠമാണ് സുവിശേഷം. പല കാലങ്ങളിൽ ചിലർ അതിനെ ചരിത്രത്തിൽ സ്വജീവിതം കൊണ്ട് പകർത്തിയെഴുതാൻ ശ്രമിച്ചിട്ടുണ്ട്. അവരങ്ങനെ ചില ഒറ്റപ്പെട്ട വഴിത്താരകൾ തെളിച്ചിട്ടുമുണ്ട്. അവയല്ലാതെ ഇങ്ങനെ ഓർഡിനറി ആകുന്നതിന്റെ കല പഠിപ്പിക്കുന്ന കോഴ്സ് സെമിനാരികളിലോ സെക്യുലർ കോളജുകളിലോ തുടങ്ങിയതായി ഇതുവരെയും കേട്ടില്ല. ഉണ്ടെങ്കിൽ പറയണേ, അവിടെ ചേർന്ന് പഠിച്ച് ഇപ്പോഴുള്ള എന്റെ ഒടുക്കത്തെ വിനയമൊന്ന് മാറ്റിയെടുക്കാനാണ്!

**സഖേർ**